പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4100 — 25/6/2018 ൽ മറുപടിക്ക്

## കന്നുകാലി പ്രജനന പ്രവർത്തനങ്ങൾ

ചോദ്യം

**ശ്രീ.മുല്ലക്കര രത്നാകരൻ:**
**ശ്രീ.ചിറ്റയം ഗോപകുമാർ**
**ശ്രീ.കെ. രാജൻ**
**ശ്രീ.വി.ആർ. സുനിൽ കുമാർ:**

മറുപടി

**അഡ്വ .കെ.രാജു**
**(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).**

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ജനിക്കുന്ന മുഴുവൻ കന്നുകുട്ടികളുടേയും ശാസ്ത്രീയ പരിചരണത്തിനും പരിപാലനത്തിനും എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്ത് ജനിക്കുന്ന പശുക്കുട്ടികളെ ഉല്പാദനക്ഷമതയുള്ള പശുക്കളായി മാറ്റാൻ ലക്ഷ്യമിടുന്ന കന്നുകുട്ടി പരിപാലന പദ്ധതി, ഗോവർദ്ധിനി, സ്പെഷ്യൽ ഗോവർദ്ധിനി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിനായി 2017-18 വർഷത്തിൽ ആകെ 53.8 കോടി രൂപ വകയിരുത്തിയിരുന്നു. സബ്സിഡി നിരക്കിൽ പശുക്കുട്ടികൾക്ക് തീറ്റ നൽകുന്ന ആദ്യ രണ്ട് പദ്ധതികളിലുമായി 2016-17 ൽ എൻറോൾ ചെയ്ത 73538 കന്നുകുട്ടികൾക്ക് രണ്ടാം വർഷ സഹായം നൽകിയതോടൊപ്പം 2017-18 ൽ പുതിയതായി 35070 കന്നുകുട്ടികളെ കൂടി പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നു. ആർ.കെ.വി.വൈ ധനസഹായം ഉപയോഗിച്ച് സ്പെഷ്യൽ ഗോവർദ്ധിനി എന്ന പേരിൽ 10000 കന്നുകുട്ടികളെ കൂടി 2017-18 ൽ എൻറോൾ ചെയ്തിരുന്നു. ആയതിന് 6,10,50,000 ( ആറ് കോടി പത്തുലക്ഷത്തി അമ്പതിനായിരം രൂപ) ചെലവാക്കി. മേൽ പറഞ്ഞ പദ്ധതികളിലൂടെ 2017-18 ൽ ആകെ 1,18,608 (ഒരു ലക്ഷത്തി പതിനെട്ടായിരത്തി അറുന്നൂറ്റിയെട്ട്) എണ്ണം കന്നുകുട്ടികൾക്ക് പദ്ധതി സഹായം നൽകി.<br>2018-19 ൽ ഗോവർദ്ധിനി പദ്ധതിപ്രകാരം 57552 കന്നുകുട്ടികളെയും, കാഫ് അഡോപ്ഷൻ പ്രോഗ്രാം പ്രകാരം 26002 കന്നുകുട്ടികളെയും ചേർത്ത് ആകെ 83554 |

| | | | |
|---|---|---|---|
| | | | കന്നുകുട്ടികൾക്കും സഹായം നൽകും. 2017-18 ൽ എൻറോൾ ചെയ്ത 45070 കുട്ടികൾ ഉൾപ്പെടെ 128624 കന്നുകുട്ടികളെ 2018-19 ൽ ടി പദ്ധതിയിൽ ഉൾപ്പെടുത്തി തീറ്റ നൽകും. 2018-19 വർഷത്തിൽ കന്നുകുട്ടി പരിപാലന പദ്ധതി, ഗോവർദ്ധിനി പദ്ധതികൾക്കുള്ള പ്ലാൻ ഫണ്ട് 53.8 കോടിയിൽ നിന്നും 60 കോടി രൂപയായി വർദ്ധിപ്പിച്ചു.<br>മൃഗാശുപത്രികൾക്കുള്ള മരുന്നു വാങ്ങുന്നതിനുള്ള ബഡ്ജറ്റ് വിഹിതം 2017-18 വർഷത്തിൽ 15 കോടി രൂപയും 2018-19 വർഷത്തിൽ 15.93 കോടി രൂപയായും വർദ്ധിപ്പിച്ചു.<br>2017-18 വർഷത്തിൽ വിരമരുന്ന് വാങ്ങുന്നതിന് 1 കോടി രൂപയും ധാതുലവണ മിശ്രിതം വിതരണം നടത്തുന്നതിന് 2 കോടി രൂപയും ചെലവഴിച്ചു. കൂടാതെ 2018-19 വർഷത്തിലും ഇതേ പ്രകാരം തന്നെ തുക വകയിരുത്തിയിട്ടുണ്ട്.<br>കേരളാ ഫീഡ്സിൽ നിന്നും മിനറൽ മിക്സ്ചർ വാങ്ങി വിവിധ ജില്ലകളിലെ മൃഗാശുപത്രികൾ വഴി സൗജന്യമായി ക്ഷീരകർഷകരിലേക്ക് എത്തിക്കുന്നതിനുള്ള പദ്ധതി 2016-17,2017-18 ൽ നടപ്പിലാക്കി. 2018-19 ൽ ഈ ഇനത്തിൽ 2 കോടി രൂപ വകയിരുത്തിട്ടുണ്ട്.<br>മൃഗാശുപത്രികളിൽ കന്നുകുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനായി മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള മൃഗാശുപത്രികൾ വഴി ചികിത്സാ, രോഗനിർണയം, രോഗപ്രതിരോധം, രോഗനിരീക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളും നടത്തുന്നു.<br>മൃഗാരോഗ്യ സംരക്ഷണം, കൃത്യമായ രോഗപ്രതിരോധ മാർഗ്ഗങ്ങൾ എന്നിവ അവലംബിക്കുന്നതു മൂലം കുളമ്പുരോഗം, മറ്റ് സാംക്രമിക രോഗബാധകൾ എന്നിവ നിയന്ത്രിക്കുവാനും അതുമൂലം രോഗങ്ങൾ , മരണനിരക്ക് എന്നിവ കുറയ്ക്കുവാനും സാധിച്ചിട്ടുണ്ട്.<br>2017-18 ൽ രാത്രികാല അടിയന്തര വെറ്ററിനറി സേവനത്തിനുള്ള ബഡ്ജറ്റ് വിഹിതം നിലവിലുള്ള 5.41 കോടിരൂപയിൽ നിന്നും 6.12 കോടി രൂപയായി വർദ്ധിപ്പിച്ചു. ഇതോടെ രാത്രികാല അടിയന്തിര വെറ്ററിനറി സേവനം ലഭ്യമാവുന്ന ബ്ലോക്കുകളുടെ എണ്ണം 65-ൽ നിന്നും 85 ആയി വർദ്ധിപ്പിച്ചു. 2018-19 ൽ 20 ബ്ലോക്കുകളെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ മൊത്തം 105 |

| | | | |
|---|---|---|---|
| | | | ബ്ലോക്കുകളിൽ പദ്ധതി നടപ്പിലാക്കും. |
| ബി) | കന്നുകാലി പ്രജനനമേഖല ശക്തിപ്പെടുത്തുന്നതിനും മെച്ചപ്പെട്ടയിനം പശുക്കളെ സംസ്ഥാനത്ത് കൂടുതലായി ഉല്പാദിപ്പിക്കുന്നതിനും നടപ്പാക്കുന്ന പദ്ധതികൾ വ്യക്തമാക്കുമോ; | ബി) | സംസ്ഥാനത്തെ കന്നുകാലി പ്രജനന നയത്തിനനുസൃതമായി, ജനിതക മേന്മയുള്ള വിത്തുകാളകളുടെ ബീജം ഗാഢശീതീകരിച്ച് സംസ്ഥാനത്തിനകത്തെ എല്ലാ കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലും കൃത്യസമയത്ത് കെ.എൽ.ഡി.ബോർഡ് എത്തിക്കുന്നു.<br><br>കന്നുകാലി പ്രജനന നയം നിഷ്കർഷിക്കുന്ന രീതിയിൽ ജനിതക മേന്മയുള്ള വിത്തുകാളകളെ കേന്ദ്ര കൃഷി മന്ത്രാലയം അംഗീകരിച്ചിട്ടുള്ള, സംസ്ഥാനത്തിന് പുറത്തുള്ള ഏജൻസികളിൽ നിന്നും വാങ്ങി, അവയുടെ ബീജവും ഗാഢശീതീകരിച്ച് സംസ്ഥാനത്തിനകത്ത് വിതരണം ചെയ്ത് വരുന്നു.<br><br>2008 ലെ കന്നുകാലി പ്രജനന നയം സമൂലമായി പുനരവലോകനം ചെയ്യുകയും, പുതിയ കന്നുകാലി പ്രജനന നയം പ്രഖ്യാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.<br><br>പശുക്കുട്ടികളെ മാത്രം ഉൽപ്പാദിപ്പിക്കുന്ന ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ ഉപയോഗിച്ചുള്ള കൃത്രിമ ബീജാധാനത്തിനായി, കാനഡയിൽ നിന്നും ലിംഗനിർണ്ണയം നടത്തിയ 16000 ബീജമാത്രകൾ ഇറക്കുമതി ചെയ്ത് കർഷകർക്ക് വിതരണം ചെയ്യുന്നു. കേരളത്തിലങ്ങോളമിങ്ങോളം ഏകദേശം 301 കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലെ വെറ്ററിനറി ഡോക്ടർമാരുടെ മേൽനോട്ടത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.<br><br>വളരെ ഉയർന്ന ജനിതക ശേഷിയുള്ള അഞ്ച് ഹോൾസ്റ്റീൻ ഫ്രീഷ്യൻ വിത്തുകാളകളെ ജർമ്മനിയിൽ നിന്നും, നാല് വിത്തുകാളകളെ ഡെൻമാർക്കിൽ നിന്നും മാട്ടുപ്പെട്ടി ഫാമിലേക്ക് ഇറക്കുമതി ചെയ്ത്, അവയുടെ ബീജമാത്രകൾ സംസ്ഥാനത്തിനകത്ത് വിതരണം ചെയ്ത് വരുന്നു.<br><br>കാനഡയിൽ നിന്നും ഉയർന്ന ജനിതക മേന്മയുള്ള വിത്തുകാളകളുടെ 40000 ഗാഢശീതീകരിച്ച ബീജമാത്രകൾ ഇറക്കുമതി ചെയ്ത്, സംസ്ഥാനത്തിനകത്ത് വിതരണം ചെയ്ത് വരുന്നു.<br><br>പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നല്ലയിനം പച്ചപ്പുല്ല് പശുക്കൾക്ക് നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. നല്ലയിനം തീറ്റപ്പുൽ ഉൽപ്പാദിപ്പിക്കുന്നതിന് കർഷകർക്ക് പ്രോൽസാഹനം |

| | | | |
|---|---|---|---|
| | | | നൽകുന്നതിനായി വിവിധ പദ്ധതികൾ കെ.എൽ.ഡി.ബോർഡ് നടപ്പിലാക്കി വരുന്നു.<br><br>കുടുംബശ്രീ യൂണിറ്റുകൾ മുഖേന തീറ്റപ്പുൽ കൃഷി ചെയ്യുന്ന കർഷകർക്ക് ഏക്കറൊന്നിന് പതിനാറായിരം (16,000/-) രൂപ വരെ ധനസഹായം നൽകുന്നു. കൂടാതെ കർഷകർക്ക് പരിശീലനവും നടീൽ വസ്തുക്കളും ഈ പദ്ധതിയിലൂടെ സൗ ജന്യമായി നൽകുന്നു.<br><br>സംസ്ഥാനത്തിന് അനുയോജ്യമായ തീറ്റപ്പുൽ ഇനങ്ങളുടെ വിത്തുകൾ വാങ്ങി, ഗുണപരിശോധനകൾ നടത്തി ക്ഷീരവികസന വകുപ്പ്, പാൽ സൊസൈറ്റികൾ, മൃഗസംരക്ഷണ വകുപ്പ് എന്നിവ മുഖേന കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തു വരുന്നു. കർഷകരുടെയും വിവിധ ഏജൻസികളുടെയും കൈവശമുള്ള കൃഷിയിടങ്ങൾ തെരഞ്ഞെടുത്ത്, ഒരേക്കർ വീതമുള്ള പുൽകൃഷി തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 75000/- രൂപാ വരെ യൂണിറ്റൊന്നിന് ധനസഹായം നൽകി വരുന്നു. |
| സി) | വിദേശത്ത് നിന്ന് ഉയർന്ന ജനിതക മൂല്യമുള്ള വിത്തുകാളകൾ, ഗാഢശീതികരിച്ച ബീജം, ഭ്രൂണം, ലിംഗനിർണ്ണയം നടത്തിയ ബീജ തന്മാത്രകൾ എന്നിവ ഇറക്കുമതി ചെയ്യുന്നുണ്ടോ; | സി) | വളരെ ഉയർന്ന ജനിതക ശേഷിയുള്ള അഞ്ച് ഹോൾസ്റ്റീൻ ഫ്രീഷ്യൻ വിത്തുകാളകളെ ജർമ്മനിയിൽ നിന്നും, നാല് വിത്തുകാളകളെ ഡെൻമാർക്കിൽ നിന്നും മാട്ടുപ്പെട്ടി ഫാമിലേക്ക് ഇറക്കുമതി ചെയ്ത്, അവയുടെ ബീജമാത്രകൾ സംസ്ഥാനത്തിനകത്ത് വിതരണം ചെയ്ത് വരുന്നു.<br><br>കാനഡയിൽ നിന്നും ഉയർന്ന ജനിതക മേന്മയുള്ള വിത്തുകാളകളുടെ 40000 ഗാഢശീതീകരിച്ച ബീജമാത്രകൾ ഇറക്കുമതി ചെയ്ത്, സംസ്ഥാനത്തിനകത്ത് വിതരണം ചെയ്ത് വരുന്നു.<br><br>പശുക്കുട്ടികളെ മാത്രം ഉൽപ്പാദിപ്പിക്കുന്ന ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ ഉപയോഗിച്ചുള്ള കൃത്രിമ ബീജാധാനത്തിനായി, കാനഡയിൽ നിന്നും ലിംഗനിർണ്ണയം നടത്തിയ 16000 ബീജമാത്രകൾ ഇറക്കുമതി ചെയ്ത് കർഷകർക്ക് വിതരണം ചെയ്യുന്നു. കേരളത്തിലങ്ങോളമിങ്ങോളം ഏകദേശം 301 കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലെ വെറ്ററിനറി ഡോക്ടർമാരുടെ മേൽനോട്ടത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.<br><br>കാനഡയിൽ നിന്നും ഗാഢശീതീകരിച്ച 150 ജഴ്സി ഭ്രൂണവും, 350 ഹോൾസ്റ്റീൻ ഭ്രൂണവും ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.<br><br>20000 ഡോസ് ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ കൂടി ഇറക്കുമതി ചെയ്യുന്നതിനുള്ള ആഗോള ടെൻഡർ വിളിച്ചു കഴിഞ്ഞു. |

| | | | |
|---|---|---|---|
| ഡി) | സംസ്ഥാനത്തെ പ്രധാന ക്ഷീരോല്പാദക മേഖലകളിൽ ലിംഗ നിർണ്ണയം നടത്തിയ ബീജ തന്മാത്രകൾ വിതരണം ചെയ്യുന്നുണ്ടോ; വ്യക്തമാക്കാമോ; | ഡി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും, മൃഗസംരക്ഷണ വകുപ്പ് തെരഞ്ഞെടുത്ത ബീജാധാന കേന്ദ്രങ്ങൾ (ആകെ 301 കേന്ദ്രങ്ങൾ) വഴി ലിംഗനിർണ്ണയം നടത്തിയ ഹോൾസ്റ്റീൻ ജനുസ്സിന്റെ ബീജമാത്രകൾ വിതരണം ചെയ്യുന്നു |
| ഇ) | കന്നുകാലി പ്രജനനപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സഹായം ലഭ്യമാകുന്നുണ്ടോ; വ്യക്തമാക്കാമോ ? | ഇ) | ഇതിനായി ലഭ്യമാകുന്ന കേന്ദ്രസഹായം ഇപ്രകാരമാണ്. കന്നുകാലി പ്രജനനത്തിനുള്ള ദേശീയ പദ്ധതി (National Programme for Bovine Breeding -100% CSS<br><br>രാഷ്ട്രീയ ഗോകുൽ മിഷൻ (Rashtriya Gokul Mission) -100% CSS<br><br>ദേശീയ ക്ഷീര പദ്ധതി (National Dairy Plan) - 100%CSS<br><br>കന്നുകാലികളുടെ ഉൽപ്പാദനക്ഷമതയ്ക്കായുള്ള ദേശീയ മിഷൻ (National Mission on Bovine Productivity) (60:40) |

സെക്ഷൻ ഓഫീസർ